'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - 2016-17 - പാലക്കാട് നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി - പുതുക്കിയ ഭരണാനുമതി - പ്രത്യേകാനുമതി നല്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.223/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2020

---

പരാമർശം:- 1 4/08/2018 -ലെ സ .ഉ (അച്ചടി )119/2018/ധന നമ്പർ ഉത്തരവ്.

2 31.03.2017-ലെ സ.ഉ.(അ).നം.1005/2017/തസ്വ ഭ വ ഉത്തരവ്.

3 ബഹു.എം.എൽ.എ. ശ്രീ.ഷാഫി പറമ്പിൽ 19.12.2017-ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കു നല്കിയ കത്ത്.

4 13.12.2019 ലെ സ.ഉ.(സാധാ).നം.9833/2019/ധന. ഉത്തരവ്.

**ഉത്തരവ്**

പാലക്കാട് നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു.എം.എൽ.എ. ശ്രീ.ഷാഫി പറമ്പിലിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും പാലക്കാട് നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പരാമർശം (2) പ്രകാരം 45.85 ലക്ഷം രൂപ വിനിയോഗിക്കുവാൻ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി അക്രഡിറ്റഡ് ഏജൻസിയായ സിൽക്കിനെ ചുമതലപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ബഹു.എം.എൽ.എ. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രവർത്തിക്കു പരാമർശം (2)പ്രകാരം നൽകിയ ഭരണാനുമതി പുതുക്കി നൽകുന്നതിന് പരാമർശം(1) ഉത്തരവിലെ മാർഗ്ഗനിർദേശങ്ങളിൽ ഇളവ് വരുത്തി പരാമർശം (4) പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു.എം.എൽ.എ. ശ്രീ.ഷാഫി പറമ്പിലിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും പാലക്കാട് നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന നടപ്പാക്കുന്നതിന്, വകുപ്പു സംബന്ധമായ നടപടിക്രമങ്ങളും ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും

പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ,45.85 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

ഇതു സംബന്ധിച്ച ചെലവ് '4515-00-800-96 പ്രോജക്ട്സ് അണ്ടർ എൽ.എ.സി- എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ.ഷാഫി പറമ്പിൽ.എം.എൽ.എ., പമ്പ, സ്യൂട്ട് 404, എം.എൽ.എ. ഹോസ്റ്റൽ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള , തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള , തിരുവനന്തപുരം.
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
6. ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം.
7. മാനേജിംഗ് ഡയറക്ടർ, സിൽക്ക്.
8. ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
9. ധനകാര്യ വകുപ്പ് ( അനൗദ്യോഗിക കത്ത് നം / 730/NC-C2/17-FIN തീയ്യതി 17.12.2019
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
11. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ കെ എം, തിരുവനന്തപുരം.
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി._

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ